ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു മാസത്തിൽ ഇത്രദിവസം സഞ്ചരിക്കണമെന്നുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങനെയുള്ളതായി അറിയുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സഞ്ചാരം ആവശ്യത്തിലധികമായിപ്പോയിട്ടുണ്ടോ എന്നു പരിശോധിക്കുന്നതെങ്ങിനെയാണ്?

ശ്രീ. സി. കേശവൻ: ടൂർപ്രോഗ്രാം ഗവൺമെന്റിലേയ്ക്കു അയക്കും. അതു ഗവർമ്മെന്റ് അപ്രൂവ് ചെയ്യണമെന്നുണ്ട്. ടൂർകഴിഞ്ഞാൽ അതിന്റെറിപ്പോർട്ട് ഗവർമ്മെന്റിലേയ്ക്കു വരും. അപ്പോൾ പരിശോധിക്കും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമില്ലെന്നാണോ ഗവർമ്മെന്റിന്റെ വിചാരം?

ശ്രീ. സി. കേശവൻ: ആവശ്യം ഇല്ലെന്നു പറഞ്ഞില്ല. അതു് നിർബ്ബന്ധമല്ല എന്നാണു് പറഞ്ഞതു്.

മത്സ്യവ്യവസായികൾക്കു് സൌജന്യം

*൧൧൬൭ (൧൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെകാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) നമ്മുടെ സ്റ്റോറിലുള്ള മത്സ്യവ്യവസായികൾക്കു നൽവിലയിൽ ൨൫ ശതമാനം കുറവുചെയ്തു കൊടുക്കുന്നതിനു ഗവർമ്മെന്റു് ആലോചിക്കുന്നുണ്ടോ;

(ബി) നമ്മുടെ സ്റ്റോറിലുള്ള മത്സ്യവ്യവസായികൾക്കു ഇത്തരം സൌജന്യം ആവശ്യമാണോ എന്നു ഗവർമ്മെന്റു് അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) നൽ വിലയിൽ കുറവുചെയ്തുകൊടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചനയില്ല.

(ബി) നൽവിലയിൽ സൌജന്യം ചെയ്തുകൊടുക്കുന്നതു മത്സ്യവ്യവസായികൾക്കു ഉപകാരപ്രദമായിരിക്കും. ഇപ്പോൾ ആവശ്യമുള്ള നൽതന്നെ കിട്ടുവാൻ പ്രയാസമായിരിക്കുന്നതിനാൽ വില കുറയ്ക്കുന്നകാര്യം ഇപ്പോൾ ആലോചിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. മദ്രാസിൽ മത്സ്യവ്യവസായികൾക്കു നൽ വിലകുറച്ചു കൊടുക്കുന്നതായി ഗവൺമെന്റിനു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ചൂണ്ട ഉപയോഗിച്ചു മത്സ്യം പിടിക്കുന്നവരെ മത്സ്യവ്യവസായികളുടെ കൂട്ടത്തിൽ പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അവരേയും മത്സ്യവ്യവസായികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി അവർക്കും നൽ സൌജന്യവിലയ്ക്കു കൊടുക്കുവാൻ ഭയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ സംഘടിപ്പിച്ചിട്ടുള്ള ഒരു വ്യവസായം ഉള്ളതായി അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: നെയ്യാറിൻകരയിൽ ചില സമുദങ്ങളിൽ വളരെ അധികം ആളുകൾ സംഘടിച്ചുനിന്നു് ആ വ്യവസായം നടത്തിവരുന്നതായി ഗവണ്മെൻറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതിൽനിന്നു അങ്ങനെയുള്ള വ്യവസായികം ഉണ്ടെന്നുള്ളകാര്യം ഗവണ്മെണ്ടു ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

LETTER FROM THE SECRETARY TO THE COCHIN COCONUT GROWERS' ASSOCIATION.

***1156. (13) Sri. M. I. Paul:** Will the Hon'ble Minister for Agriculture be pleased to state:

(*a*) whether the Government have received from the Secretary to the Cochin Coconut Growers' Association a letter dated the 10th March 1951;

(*b*) if so, what are the suggestions made by him in that letter and what action the Government have taken on those suggestions?

Minister for Food, Education and Labour **(Sri. T. K. Narayana Pillai):** (*a*) and (*b*) Yes; a letter was received only on 27—3—1951. Hence, further information is not available at present.

തുണി

*൧൬൭. (൨൮) ശ്രീ.എസ്സു്. ശിവരാമനാശാരി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സിവിലിംസപ്ലൈസുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

കൊല്ലത്തും മറെറ ചില സമുദങ്ങളിലും ജനങ്ങൾക്കു് ധരിക്കുന്നതിനുള്ള മറെറ വസ്ത്രംപോലും മൂന്നും നാലും മാസക്കാലമായി കിട്ടുന്നില്ല എന്നുള്ള പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): മൽ, കോറ മുതലായ തുണികൾ കിട്ടുവാൻ ഇപ്പോൾ വിഷമമുണ്ടെന്നു് ഗവണ്മെൻറിനറിയാം.

ശ്രീ. എസ്സു്. ശിവരാമനാശാരി: എപ്പോൾ ഈ ക്ഷാമം തീർന്നു് തുണി കിട്ടും?

ശ്രീ. ടി. കെ. നാരായണപിള്ള: ഏപ്രിൽമാസത്തോടുകൂടി ഈ ക്ഷാമത്തിനു് പരിഹാരമുണ്ടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: മരു വസ്ത്രവും ഇല്ലെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയല്ല.

ശ്രീ. പി. കെ. ഡിവർ: ഉള്ള തുണികൾ എങ്കിലും ശരിയ്ക്കു് ആളുകൾക്കു് വിതരണം ചെയ്യുന്നതിനു് ഗവണ്മെൻറ് എന്തെങ്കിലും ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെക്കുറിച്ചു് ഗവണ്മെൻറ് വളരെ ഗൗരവമായി ആലോചിച്ചു വരികയാണു്.

ശ്രീ. സി. സി. പ്രസാദ്: സർ, ഞാൻ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഞാൻ ഒരു ഷാർട്ടു് നോട്ടീസു് കൊസ്റ്റ്യൻ അയച്ചിരുന്നു. ആ കൊസ്റ്റ്യൻ ഇന്നലെ അൺസ്റ്റാർഡു് കൊസ്റ്റ്യൻ ആയി ഗവണ്മെൻറ് അംഗീകരിച്ചിരുന്നു. എന്നാൽ ഇന്നലെ അതിന്റെ മറുപടി മേശപ്പുറത്തു് അന്വേഷിച്ചതിൽ കണ്ടില്ല. അതിന്റെ ഉത്തരം ഇതേവരെ കിട്ടിയിട്ടില്ല. ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly